II ശ്രദ്ധക്ഷണിക്കൽ

(1) സംസ്ഥാനത്തെ ജലക്ഷാമം പരിഹരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. വി. കെ. ചന്ദ്രൻ: സർ, നമ്മുടെ സംസ്ഥാനം അതിരൂക്ഷമായ ജലക്ഷാമം അനുഭവിച്ചുവരികയാണ്. നദികളും കായലുകളും ഉൾപ്പെടെ ഒട്ടനവധി ജല സംഭരണികളുള്ള സംസ്ഥാനം ഇന്ന് കൃഷിക്കും കുടിവെള്ളത്തിനും
9.30 A.M.] വേണ്ട ജലമില്ലാതെ പ്രയാസം അനുഭവിക്കുന്നു. കേരള-തമിഴ്നാട് അതിർത്തികളിൽ നിന്നും കേരളത്തിന് അർഹതപ്പെട്ട വെള്ളം തമിഴ്നാട് ചോർത്തിക്കൊണ്ടിരിക്കുന്നു. കേരളം അതിരൂക്ഷമായ വരൾച്ചയിലുമാണ്. പാലക്കാട് ജില്ലയ്ക്ക് ഏറെ സഹായകമായ ഒരു പദ്ധതിയാണ് മലമ്പുഴ ഡാം. മലമ്പുഴ ഡാമിലുള്ള പ്രധാന ജലസ്രോതസ്സുകളിൽ വച്ചുതന്നെ തമിഴ്നാട് തടയണ കെട്ടി തമിഴ്നാട്ടിലേക്ക് ജലം തിരിച്ചുകൊണ്ടുപോകുകയാണ്. മലമ്പുഴ ഡാമിലേക്ക് വരുന്ന ആട്ടുമല ജലസ്രോതസ്സിൽ നിന്നാണ് തമിഴ്നാട് ചാലുകൾ കീറിയും തടയണകൾ കെട്ടിയും തമിഴ്നാട്ടിലേക്ക് വെള്ളം തിരിച്ചുകൊണ്ടു പോകുന്നത്. ഈ വെള്ളം സംഭരിക്കാൻ 30 ലക്ഷം ഘന മീറ്റർ വെള്ളം ഉൾക്കൊള്ളാവുന്ന ചെക്ക് ഡാമുകൾ ആധുനിക സംവിധാനങ്ങളോടുകൂടി പെരുമാൾപതി എന്നു പറയുന്ന സ്ഥലത്ത് നിർമ്മിച്ചിരിക്കുന്നു. മലമ്പുഴയിലെ ആയക്കെട്ട് ഏരിയായിലെ കൃഷി മുഴുവൻ നശിച്ചു. മലമ്പുഴയെ ആശ്രയിച്ച് കുടിവെള്ള വിതരണം നടത്തിക്കൊണ്ടിരിക്കുന്ന പ്രദേശങ്ങളിൽ പ്രത്യേകിച്ചും പാലക്കാട് ജില്ലയുടെ പ്രാന്തപ്രദേശങ്ങളും പട്ടണങ്ങളും മലമ്പുഴ നിയോജകമണ്ഡലത്തിന്റെ വിവിധ പ്രദേശങ്ങളും ഇന്ന് കുടിവെള്ള ക്ഷാമം അനുഭവിക്കുന്ന അവസ്ഥ വന്നു. പാലക്കാട് ജില്ലയുടെ പടിഞ്ഞാറൻ മേഖല വരെ മലമ്പുഴ ഡാമിൽ നിന്ന് വെള്ളം തുറന്ന് കൃഷിക്കും കുടിവെള്ളത്തിനും വേണ്ടി ഉപയോഗിച്ചിരുന്നതാണ്. തൃശൂർ, മലപ്പുറം, പാലക്കാട് ജില്ലകൾ മലമ്പുഴയെ ആശ്രയിച്ചാണ് കൃഷിയും കുടിവെള്ള പദ്ധതികളും നടത്തിവരുന്നത്. ഇന്ന് അത് ഒട്ടുമിക്കവാറും പൂർണ്ണമായി നിലച്ച രൂപത്തിലാണ്. തമിഴ്നാടാണെങ്കിൽ കേരളത്തിന്റെ വെള്ളം കൊണ്ടുപോയി നല്ല രീതിയിൽ കൃഷി ചെയ്തുവരുന്നു. പറമ്പിക്കുളം-ആളിയാർ കരാർ അനുസരിച്ച് കേരളത്തിന് തരേണ്ട വെള്ളം തമിഴ്നാട് തരുന്നുമില്ല. ആളിയാർ അണക്കെട്ടിലെ തിരുമൂർത്തി അണക്കെട്ടിലും കഴിഞ്ഞ വർഷത്തേക്കാൾ 200 ശതമാനം വെള്ളം കൂടുതലാണ്. രണ്ടാം വിളയ്ക്ക് ആളിയാറിൽ നിന്നും ചിറ്റൂർ പ്രദേശത്തേക്ക് കിട്ടേണ്ടത് 3.3 ടി.എം. സി. വെള്ളമാണ്. തമിഴ്നാടുമായിട്ടുള്ള ചർച്ചയിൽ 1.5 ടി.എം.സി. വെള്ളം തരാമെന്ന് ധാരണയുണ്ടാക്കിയതാണ്. എന്നാൽ ഇപ്പോൾ തരുന്നത് 0.8 ടി.എം.സി. വെള്ളമാണ്. തമിഴ്നാട് തരേണ്ട വെള്ളം ലഭിക്കാത്തതിനാൽ ചിറ്റൂർ താലൂക്കിലെ കൃഷി മുഴുവൻ കരിഞ്ഞുണങ്ങിക്കഴിഞ്ഞു. ബഹുമാന്യനായ ശ്രീ. എ. കെ. ബാലൻ പ്രതിനിധാനം ചെയ്യുന്ന കുഴൽമന്ദം നിയോജകമണ്ഡലത്തിൽ കൃഷി പൂർണ്ണമായും

LIBRARY ARCHIVES Kerala Legislative Assembly

ഉണങ്ങിക്കഴിഞ്ഞു. പാലക്കാട് ജില്ലയിലെ എല്ലാ മേഖലയിലും രണ്ടാം വിള കൃഷി മൊത്തമായി ഉണങ്ങി നിലം വിണ്ടുകീറിക്കഴിഞ്ഞു; കൃഷി ചെയ്യാൻ കഴിയാത്ത രൂപത്തിലായിട്ടുണ്ട്. എന്നിട്ടുപോലും തമിഴ്നാട് കേരളത്തിന് അർഹതപ്പെട്ട വെള്ളം തരുന്നില്ല. അത് ചോദിച്ചു വാങ്ങാൻ നമുക്ക് കഴിയുന്നുമില്ല. വെള്ളം കിട്ടാത്തതിന്റെ ഭാഗമായി ചിറ്റൂരിൽ കൃഷിക്കാർ സമരത്തിലാണ്. ഇന്നലെ തഹസീൽദാരെ തടഞ്ഞു വച്ചു. ഏറ്റവും അവസാനം ജില്ലാ കളക്ടർ ചെന്നാണ് തഹസീൽദാരെ മോചിപ്പിച്ചത്. ചിറ്റൂർ പ്രദേശത്തേയും പാലക്കാട് പ്രദേശത്തേയും കുടിവെള്ളത്തിനും കൃഷി ആവശ്യത്തിനുമുള്ള വെള്ളം കിട്ടാനുമായി വലിയ സമരമാണ് അവിടെ നടന്നു വരുന്നത്. കേരളമാണെങ്കിൽ നീരാറിലേയും ആനയാറിലേയും വെള്ളം കൃത്യമായി തമിഴ്നാടിന് നൽകിവരികയാണ്. പറമ്പിക്കുളം, ഷോളയാർ, ആളിയാർ എന്നിവിടങ്ങളിൽനിന്ന് കേരളത്തിന് തരേണ്ട വെള്ളം തരുന്നുമില്ല. നീരാറിൽ നിന്ന് നാല് മാസവും ആനയാറിൽ നിന്ന് 2.5 ടി.എം.സി. വെള്ളവും തമിഴ്നാടിന് കൊടുക്കുന്നുമുണ്ട്. ആളിയാറിൽ നിന്ന് 7.25 ടി.എം.സി. വെള്ളം കേരളത്തിന് കിട്ടേണ്ടതാണ്. ഇത് രണ്ടു വർഷമായി ലഭിക്കുന്നില്ല. കരാർ കാലാവധി കഴിഞ്ഞു. കരാർ പുതുക്കാനോ കേരളത്തിന്റെ ആവശ്യങ്ങളും അവകാശങ്ങളും സംരക്ഷിക്കാനോ ഉള്ള യാതൊരു നടപടിയും എടുക്കുന്നില്ല. ഇപ്പോൾ തമിഴ്നാട് അട്ടപ്പാടിയിലെ പുതൂർ പഞ്ചായത്തിൽ കേരള-തമിഴ്നാട് അതിർത്തിയിലൂടെ ഒഴുകിക്കൊണ്ടിരിക്കുന്ന കുന്ദാ നദി ഗതി മാറ്റി തമിഴ്നാട്ടിലാക്കിയിരിക്കുകയാണ്. കേരള നിയമസഭയിലെ അഞ്ച് എം. എൽ. എ-മാരും സ്റ്റാഫും പത്രപ്രതിനിധികളും ഉൾപ്പെട്ട കേരള നിയമസഭയുടെ സബ്ജക്റ്റ് കമ്മിറ്റി 3-ന്റെ ഒരു പര്യവേക്ഷണ സംഘം അവിടം സന്ദർശിച്ചപ്പോൾ കേരളത്തിന്റെ വെള്ളം തമിഴ്നാട് ചോർത്തിക്കൊണ്ടിരിക്കുന്നതായി സമ്മതിച്ചു. ഇപ്പോഴും മേക്കര അണക്കെട്ട് കോടിക്കണക്കിന് രൂപ ചെലവാക്കി നിർമ്മിച്ചത് സംബന്ധിച്ച് സംശയം നിലനിൽക്കുകയാണ്. കേരളത്തിന്റെ പല പ്രദേശങ്ങളിലും ഇങ്ങനെ തമിഴ്നാട് വെള്ളം ചോർത്തിക്കൊണ്ടിരിക്കുന്നു. ഇപ്പോൾ മണ്ണണയിലെ വെള്ളം തമിഴ്നാട് ചോർത്തിക്കൊണ്ടുപോയി കറുപ്പാർ ഡാമിലേക്ക് നിറച്ചുകൊണ്ടിരിക്കുകയാണ്. വിവിധ പ്രദേശങ്ങളിൽ കേരളത്തിന് അർഹതപ്പെട്ട വെള്ളം തമിഴ്നാട് ചോർത്തിക്കൊണ്ടിരിക്കുമ്പോഴും കേരളത്തിലെ ജലം കൃത്യമായി തമിഴ്നാടിന് സംസ്ഥാന ഗവൺമെന്റ് മുഖാന്തിരം കൊടുത്തുകൊണ്ടിരിക്കുകയാണ്. ഇത് വമ്പിച്ച രീതിയിലുള്ള ജനദ്രോഹമാണ്. ഈ സമീപനം തുടർന്നുകൊണ്ടു പോയാൽ കേരളത്തിന് വമ്പിച്ച നഷ്ടം സംഭവിക്കാൻ പോവുകയാണ്. കേരളത്തിലെ ശിരുവാണി ഉൾപ്പെടെയുള്ള ഡാമുകളിൽ നിന്ന് വെള്ളം കൊടുക്കുന്ന കാര്യത്തെ സംബന്ധിച്ച് സർക്കാർ പുനരാലോചിക്കണം. കേരളത്തിന് അർഹതപ്പെട്ട വെള്ളം തമിഴ്നാട് തരാതിരിക്കുകയും കേരളത്തിൽ നിന്ന് തമിഴ്നാടിന് അർഹതപ്പെട്ട വെള്ളം യാതൊരു മുടക്കവും കൂടാതെ കൃത്യമായി നൽകുകയും ചെയ്യുന്ന സമീപനം കേരളത്തിലെ ജനങ്ങൾക്ക് ദ്രോഹമുണ്ടാക്കിക്കൊണ്ടിരിക്കുകയാണ്. അതുകൊണ്ട് ഈ കരാറുകൾ പുതുക്കാൻ ആവശ്യമായ നടപടികൾ ഉണ്ടാകണം. കേരളത്തിന്റെ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

താൽപ്പര്യം സംരക്ഷിക്കാൻ കഴിയണം. സംസ്ഥാന അതിർത്തികൾ പുനഃസ്ഥാപിക്കണം. വനാന്തരങ്ങളിൽ സൃഷ്ടിച്ച ജണ്ടകൾ പലതും മാറ്റിക്കൊണ്ടിരിക്കുകയാണ്. ഈ ജണ്ടകൾ മാറ്റുന്നതിന്റെ ഭാഗമായി നദിയുടെ ഉറവിടങ്ങൾ പലതും തമിഴ്നാട്ടിലേക്ക് വന്നുകൊണ്ടിരിക്കുന്നു. ജലസംരക്ഷണത്തിന്റെ കാര്യത്തിൽ സംസ്ഥാന സർക്കാർ കാണിക്കുന്ന നിസ്സംഗത അവസാനിപ്പിക്കണം. ജലസംരക്ഷണ രംഗത്ത് പുതിയ കാഴ്ചപ്പാട് ഉണ്ടാകണം. ഞങ്ങളുടെ പ്രദേശത്തൊക്കെ 48 മണിക്കൂർ കൊണ്ട് മഴവെള്ളം അറബിക്കടലിലേക്ക് പതിക്കുകയാണ്. ജലം സംരക്ഷിക്കാനുള്ള നടപടികൾ ഉണ്ടാകണം. തമിഴ്നാട്ടിൽ നിന്ന് വെള്ളം ചോദിച്ചു വാങ്ങുന്നതുമായി ബന്ധപ്പെട്ട് കേരള മുഖ്യമന്ത്രി തമിഴ്നാട് മുഖ്യമന്ത്രിയെ കണ്ട് ചർച്ച നടത്തി കേരളത്തിന്റെ താൽപ്പര്യം സംരക്ഷിക്കാൻ നടപടി ഉണ്ടാകണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): സർ, ബഹുമാനപ്പെട്ട മെമ്പർ പല വിഷയങ്ങളാണ് കോളിംഗ് അറ്റൻഷനിലൂടെ പറഞ്ഞത്. അതിൽ ഒന്ന്, മലമ്പുഴ ഡാമിൽ എത്തേണ്ട വെള്ളം തമിഴ്നാട് മലമ്പുഴ ഡാമിന്റെ അപ് സ്ട്രീമിൽ ഡൈവർട്ട് ചെയ്ത് തമിഴ്നാട്ടിലെ ചെക്ക് ഡാമിലേക്ക് കൊണ്ടുപോകുന്നു എന്നുള്ളതാണ്. ഈ വിഷയം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടശേഷം ബന്ധപ്പെട്ട ഉയർന്ന ഉദ്യോഗസ്ഥരെ സ്ഥലം സന്ദർശിക്കുന്നതിന് അയയ്ക്കുകയുണ്ടായി. ഈ ഡൈവർഷൻ ഉണ്ടെന്ന് പറയുന്ന ഭാഗം ജി. ടി. മാപ്പ് അനുസരിച്ച് തമിഴ്നാടിന്റെയും കേരളത്തിന്റെയും കൃത്യം ബോർഡർ ആണ്. അവിടെയുള്ള നീർച്ചാലുകളാണ് ഡൈവർട്ട് ചെയ്തു എന്നുപറയുന്നത്. ജി. ടി. മാപ്പിൽ അങ്ങനെ കാണുന്ന സാഹചര്യത്തിൽ ഒരു ജോയിന്റ് സർവ്വേ മാത്രമേ അന്തർ സംസ്ഥാന അതിർത്തികളെ സംബന്ധിച്ച് നമുക്ക് നടത്താൻ സാധ്യമാകൂ. ആ ജോയിന്റ് സർവ്വേ നടത്താൻ തമിഴ്നാട് ഗവൺമെന്റ് മുന്നോട്ടുവരണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. ഈ വർഷം മഴ താരതമ്യേന കുറവാണ്. മലമ്പുഴ ഡാമിൽ വെള്ളത്തിന്റെ തോത് വളരെ കുറഞ്ഞിട്ടുണ്ട്. വരൾച്ചബാധിത പ്രദേശമായി മാറിക്കഴിഞ്ഞിരിക്കുന്ന പാലക്കാടിന്റെ പ്രശ്നങ്ങൾ കാബിനറ്റ് സബ് കമ്മിറ്റി പാലക്കാട് കളക്ട്രേറ്റിൽ ചർച്ച നടത്തിയപ്പോൾ ജനപ്രതിനിധികൾ ഉന്നയിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ഈ വിഷയമെല്ലാം പരിശോധിക്കാമെന്ന് ഉറപ്പുനൽകുകയും ചെയ്തിട്ടുണ്ട്. മലമ്പുഴയിൽ വെള്ളം കിട്ടാനും നമ്മുടെ വെള്ളം ഡൈവർട്ട് ചെയ്തുകൊണ്ടു പോകാതിരിക്കാനും വേണ്ടിയുള്ള നടപടികൾ ഗവൺമെന്റ് ത്വരിതപ്പെടുത്തുന്നതാണ്. അതിന് നടപടികൾ സ്വീകരിക്കുകയും ചെയ്യും. മലമ്പുഴയിലേക്ക് വരേണ്ട വെള്ളം ഡൈവർട്ട് ചെയ്തുകൊണ്ടുപോകുന്നത് തടയുന്ന കാര്യത്തിൽ ഗവണ്മെന്റ് യാതൊരു അശ്രദ്ധയും കാണിച്ചിട്ടില്ല. ഈ കാര്യത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ട്. തുടർന്നും നടപടി സ്വീകരിക്കുന്നതാണ്. മലമ്പുഴയിലേക്ക് വരേണ്ട വെള്ളം ഡൈവർട്ട് ചെയ്യുന്നു എന്നുള്ള കാര്യം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടുകഴിഞ്ഞു ഉടനെ അതുസംബന്ധിച്ച് അന്വേഷിക്കാൻ ആദ്യം ഡിപ്പാർട്ടുമെന്റ് ഉദ്യോഗസ്ഥർ പോയി.

ഇത് റിപ്പോർട്ട് ചെയ്ത പത്ര പ്രതിനിധികളും പോയിരുന്നു. ഇതിനകത്ത് ഗവൺമെന്റിന് നിക്ഷിപ്ത താൽപ്പര്യമൊന്നുമില്ല. ഗവണ്മെന്റ് എന്താണ് ചെയ്തിരിക്കുന്നത് എന്നുള്ളതാണ് പറയുന്നത്. ഉദ്യോഗസ്ഥരടക്കമുള്ളവർ പോയപ്പോൾ അവിടെ തടസ്സം വന്നു. രണ്ടാമത് കുറേക്കൂടി ഉയർന്ന തലത്തിലുള്ള സംഘത്തെ അയച്ചു. അതിനുശേഷം ഗവണ്മെന്റ് തലത്തിൽ ചർച്ച നടത്തി. ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റുമായി ഈ കാര്യത്തെ സംബന്ധിച്ച് ഡിസ്കസ് ചെയ്തു. ഈ പർട്ടിക്കുലർ പ്ളേസ് എന്നുപറയുന്നത് തമിഴ്നാടിന്റെ ഫോറസ്റ്റ് ഏരിയയ്ക്ക് അകത്താണ് വരുന്നത്. അങ്ങോട്ട് പോകണമെങ്കിൽ തമിഴ്നാട്ടിൽ കൂടി അവരുടെ അനുവാദത്തോടുകൂടി വേണം പോകാൻ. ഉദ്യോഗസ്ഥന്മാരുടെ സന്ദർശനത്തിനു ശേഷം ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റിലേയും ഇറിഗേഷൻ ഡിപ്പാർട്ട്മെന്റിലേയും ഉദ്യോഗസ്ഥനുമായി ഞാൻ ചർച്ചചെയ്തു. ജി. ടി. മാപ്പുവച്ച് എവിടെയാണ് ഈ സംഭവം ഉണ്ടായിരിക്കുന്നത് എന്ന് നോക്കിയപ്പോൾ അത് എക്സാക്ടായിട്ട് നമ്മുടെ അതിർത്തിയിലാണെന്ന് കണ്ടു. അതിർത്തിയിൽ നമുക്ക് തീർച്ചയായിട്ടും lower riparian right ഉണ്ട്. വെള്ളം മുകളിൽവച്ച് ഡൈവർട്ട് ചെയ്തുകൊണ്ട് പോകാൻ നിയമപരമായി സാധ്യമല്ല. ആ കാര്യം തമിഴ്നാടിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഒരു ജോയിന്റ് സർവ്വേ നടത്തണമെന്നുള്ള ആവശ്യവും ഉന്നയിച്ചിട്ടുണ്ട്. അത്രയും കാര്യമാണ് എനിക്ക് അതിനെക്കുറിച്ച് പറയാനുള്ളത്.

മറ്റൊന്ന്, പി. എ. പി.-യെ സംബന്ധിച്ചാണ്. ഇന്നലെ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഈ കാര്യം ഉന്നയിച്ചപ്പോൾ ഞാൻ വളരെ വിശദമായി പറഞ്ഞതാണ്. അത് വീണ്ടും ആവർത്തിക്കാൻ ആഗ്രഹിക്കുന്നില്ല. പി. എ. പി. കരാർ പുതുക്കാൻ നടപടി എടുത്തില്ല എന്ന് ശ്രീ. വി. കെ. ചന്ദ്രൻ പറഞ്ഞത് തെറ്റാണ്. 1988-ൽ സ്റ്റാർട്ട് ചെയ്തു. 12 പ്രാവശ്യം മന്ത്രിതലത്തിൽ ചർച്ച നടത്തി. അതിന്റെ സിംഹഭാഗം ചർച്ചയിലും പങ്കെടുത്തയാളാണ് ഞാൻ. ഇത് 1970-ൽ ഒപ്പുവച്ച ഒരു കരാറാണ്. ആ കരാർ അനുസരിച്ച് പുനരവലോകനം ചെയ്യാൻ മാത്രമേ ഇതിനകത്ത് വ്യവസ്ഥയുള്ളൂ. ഇരുകൂട്ടരും എഗ്രി ചെയ്താൽ അതിനകത്ത് മാറ്റം വരുത്താം. അതാണ് കരാർ. 1970-ൽ ആ കരാർ ഒപ്പുവച്ചപ്പോൾ ശ്രദ്ധിക്കേണ്ട താണ്ടായിരുന്നു; ശ്രദ്ധിച്ചില്ല. പിന്നെ നീരാറിലെ കാര്യം പറഞ്ഞു. നീരാറിൽനിന്നും 1 മാസം കേരളത്തിന് വെള്ളം നല്കണം എന്നുള്ളത് കരാറിലെ വ്യവസ്ഥയാണ്. അതുപോലെതന്നെ ആനമലയാറിൽനിന്നും 2.5 ടി. എം. സി. വെള്ളം തമിഴ്നാടിനു ഇടമലയാർ പ്രോജക്ട് പൂർത്തിയാകുമ്പോൾ കൊടുക്കണമെന്നതും കരാറിലെ വ്യവസ്ഥയാണ്. ഇടമലയാർ പ്രോജക്ട് കംപ്ളീറ്റാകുമ്പോൾ ഇപ്പോൾ കേരളത്തിന് കിട്ടിക്കൊണ്ടിരിക്കുന്ന 2.5 ടി. എം. സി. വെള്ളം കൂടി, തമിഴ്നാടിന് കൊടുക്കണമെന്നാണ് നിലവിലുള്ള കരാർ വ്യവസ്ഥ. അതിനൊരു പുതിയ സപ്ലിമെന്ററി കരാർ വയ്ക്കണമെന്നും നിലവിലുള്ള കരാറിൽ വ്യവസ്ഥയുണ്ട്. സപ്ളിമെന്ററി കരാർ വരുന്ന സന്ദർഭത്തിൽ ഇടമലയാറും ആനമലയാറും സന്ധിക്കുന്ന സ്ഥലത്ത് ഇലക്ട്രിസിറ്റി

LIBRARY ARCHIVES Kerala Legislative Assembly

ഉൽപ്പാദിപ്പിക്കാൻ കഴിയുന്ന ഭാഗത്ത് ഡാം കെട്ടുകയും മറ്റ് നടപടികൾ സ്വീകരിക്കുകയും ചെയ്യുമെന്ന് ഞാൻ കഴിഞ്ഞ ദിവസം പറഞ്ഞു. അതിന് പുതിയ സപ്ലിമെന്ററി കരാർ ഉണ്ടാക്കുന്ന സമയത്ത് നമുക്ക് ശ്രദ്ധിക്കാം. അതുവരെ 2.5 ടി. എം. സി. വെള്ളം നമുക്ക് ലഭിക്കും. 2.5 ടി. എം. സി. വെള്ളം ഇടമലയാർ പ്രോജക്ട് കംപ്ലീറ്റാക്കുമ്പോൾ അവർക്ക് കൊടുക്കണമെന്നുള്ളത് കരാറിലെ വ്യവസ്ഥയാണ്. അത് മാറ്റാൻ നമുക്ക് ഏകപക്ഷീയമായിട്ട് സാധ്യമല്ല. പിന്നെ അദ്ദേഹം പറഞ്ഞത് ആ കരാർ പുതുക്കാൻ അനാസ്ഥ എന്നാണ്. ഒരു അനാസ്ഥയും ഇല്ല. നിരന്തരമായി ചർച്ച നടത്തിക്കൊണ്ടിരിക്കുന്നു. മുഖ്യമന്ത്രിതലത്തിൽ ചർച്ച വേണമെന്ന് പറഞ്ഞു. മുഖ്യമന്ത്രി ചർച്ച നടത്തുമ്പോൾ അതിന് ഒരു ഫൈനലൈസേഷൻ ഉണ്ടാകണ്ടേ? അതിനുള്ള പ്രാഥമിക ചർച്ചകളാണ് ഞങ്ങൾ നടത്തിവരുന്നത്. രണ്ട് പ്രാവശ്യം ഞാനും ധനകാര്യവകുപ്പുമന്ത്രിയും കൂടി ബന്ധപ്പെട്ട് ചർച്ച നടത്തി. മദ്രാസിൽ പോയി ചർച്ച നടത്തി. കഴിഞ്ഞ ജനുവരി 4-ാം തീയതി തിരുവനന്തപുരത്ത് ചർച്ച നടന്നു. ഈ ചർച്ചകളിൽ ചില ആശയങ്ങൾ മുന്നോട്ട് വന്നിട്ടുണ്ട്. ഇവിടെ ചില മാധ്യമങ്ങൾ പറഞ്ഞു, ധാരണ പുറത്തുവിടാതെ രഹസ്യമാക്കി വയ്ക്കുന്നു എന്ന്. മന്ത്രിതലത്തിൽ അല്ലെങ്കിൽ ഒഫീഷ്യൽ തലത്തിൽ നടത്തുന്ന ഒരു ചർച്ച ആദ്യം പരസ്യപ്പെടുത്താറില്ല. അതിനൊരു രൂപരേഖയുണ്ടായിക്കഴിഞ്ഞാൽ അല്ലേ നമുക്ക് പരസ്യപ്പെടുത്താവൂ; അതൊന്നും രഹസ്യമല്ലല്ലോ? ഇതൊന്നും രഹസ്യമായിട്ട് വയ്ക്കാൻ കഴിയുന്ന സംഗതിയല്ല. ഈ കരാർ പുതുക്കുന്ന സമയത്ത് കേരളത്തിന്റെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിനുള്ള എല്ലാ നടപടികളും സ്വീകരിക്കാം എന്ന് പരസ്യമായി നിയമസഭയ്ക്ക് പുറത്തുപറഞ്ഞു. നിയമസഭയ്ക്കകത്തും ഈ അഷ്വറൻസ്തന്നെ ഞാൻ പറഞ്ഞിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിലാണ് ഗവണ്മെന്റ് മുന്നോട്ടുപോയിക്കൊണ്ടിരിക്കുന്നത്.

മറ്റൊന്ന് ചിറ്റൂരിന്റെ വിഷയം. ചിറ്റൂർ താലൂക്കിലെ പ്രശ്നം തീരണമെങ്കിൽ അടിയന്തിരമായിട്ട് നമുക്ക് വേണ്ടത് പലകപ്പാണ്ടി പദ്ധതി നടപ്പിലാക്കുക എന്നതാണ്. നെല്ലിയാംപതി മലനിരകളിൽനിന്നുമാണ് പലകപ്പാണ്ടി നദി ഉൽഭവിക്കുന്നത്. ഈ അരുവി ഒരു വെള്ളച്ചാട്ടമായിട്ട് കൊല്ലങ്കോടിന്റെ വടക്കുപടിഞ്ഞാറൻ ഭാഗത്ത് പതിക്കുന്നുണ്ട്. അവിടെനിന്നും സാമാന്യം വലിപ്പമുള്ള ഒരു തോടായി മാറി ഗായത്രി പുഴയിൽ ചെന്ന്, അവിടെനിന്നും മലമ്പുഴയിലെത്തി അറബിക്കടലിലേക്ക് പോകുകയാണ്. ചുള്ളിയാർ ഡാമിൽ നമുക്ക് അതിന്റെ കപ്പാസിറ്റിയുടെ 20 ശതമാനം മാത്രമേ സ്റ്റോർ ചെയ്യാൻ സാധിക്കുന്നുള്ളൂ. കാരണം, അത് ഒരു മഴനിഴൽ പ്രദേശമാണ്. പലകപ്പാണ്ടി പദ്ധതി വന്നാൽ മഴക്കാലത്ത് കടലിലേക്ക് ഒഴുകിപ്പോകുന്ന വെള്ളം ചുള്ളിയാറിൽ കൊണ്ടുപോകാൻ സാധിക്കും. ചുള്ളിയാർ ഡാം നിറച്ചാൽ ആ വെള്ളം കൊണ്ട് ചിറ്റൂരിന്റെ കുറെ ഏറെ ഭാഗത്ത് കൃഷിചെയ്യാൻ സാധിക്കും. ഇതിന് 3 കിലോമീറ്റർ കനാലും വേണം, പലകപ്പാണ്ടിയിൽ ഒരു വിയറും വേണം. അതിന് ഗവണ്മെന്റ് ടോപ് പ്രയോറിറ്റി നല്കാൻ ഉദ്ദേശിക്കുന്നു. 1991-ലെ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഗവണ്മെന്റിന്റെ കാലത്ത് ഒരു പ്രിലിമിനറി സർവ്വേ മാത്രമേ നടത്തിയുള്ളൂ. ഞാൻ രാഷ്ട്രീയം പറയുകയല്ല. സ്വാഭാവികമായും അന്നത്തെ പ്രിലിമിനറി ഇൻവെസ്റ്റിഗേഷൻ പൂർത്തിയാക്കി പിന്നെ മുന്നോട്ടു പോകാൻ പിന്നീട് വന്ന എൽ. ഡി. എഫ്. ഗവണ്മെന്റിനു കഴിയുമായിരുന്നു. ചുള്ളിയാറിന്റെ പ്രാഥമിക സർവ്വേ കഴിഞ്ഞ യു. ഡി. എഫ്. സർക്കാരിന്റെ കാലത്ത് ചെയ്തതിനുശേഷം പിന്നീട് വന്ന ഗവണ്മെന്റ് യാതൊരു നടപടിയും ആ കാര്യത്തിൽ സ്വീകരിച്ചിട്ടില്ല. ഞങ്ങളെ കുറ്റം പറയുമ്പോൾ നിങ്ങൾ ആ കാര്യം എന്താണ് ശ്രദ്ധിക്കാത്തത്? പലകപ്പാണ്ടി പദ്ധതി നടപ്പിലാക്കണമെന്നുള്ളതിന് ടോപ് പ്രയോറിറ്റി ഗവണ്മെന്റ് നല്കിയിട്ടുണ്ട്. അത് ചെയ്യാനുള്ള നിബന്ധനകളുമായി മുന്നോട്ടുനീങ്ങുകയാണ്. അന്നത്തെ പ്രിലിമിനറി റിപ്പോർട്ട് അനുസരിച്ച് 5 കോടി രൂപ വേണം എന്നാണ് കണക്കാക്കിയത്. സ്വാഭാവികമായിട്ടും ഇപ്പോൾ അത് വർദ്ധിക്കും. 1994-95 കാലഘട്ടത്തിലെ സർവ്വേയാണ് അത്. മറ്റൊന്ന്, അട്ടപ്പാടി പ്രോജക്ടിനെക്കുറിച്ചാണ്. അട്ടപ്പാടി മേഖലയിൽ പ്രശ്നങ്ങൾ ഉണ്ടാക്കി തമിഴ്നാട് വെള്ളം കൊണ്ടുപോകുന്നു എന്നുപറഞ്ഞു. കേരളപ്പിറവി യ്ക്കുമുമ്പുണ്ടായ സംഭവമാണ് ഇത്. അട്ടപ്പാടി പദ്ധതിക്ക് ഏകദേശം 9 കോടി രൂപയോളം ഗവണ്മെന്റ് മുടക്കി. ഡാമിന്റെ അടിത്തറ കെട്ടിയിട്ടുണ്ട്; കനാൽ കുറെ വെട്ടിയിട്ടുണ്ട്. തിരുവാണി പ്രോജക്ട് 1973-ൽ ഒപ്പുവച്ചപ്പോൾ 2.5 ടി.എം.സി. വെള്ളം അവിടെ എടുക്കാം എന്ന വ്യവസ്ഥണ്ട്. അതിന്റെ അടിസ്ഥാനത്തിൽ അട്ടപ്പാടി പ്രോജക്ട് കംപ്ലീറ്റാക്കണം. ആ പ്രോജക്ട് കംപ്ലീറ്റാക്കണമെങ്കിൽ കേന്ദ്രഗവണ്മെന്റ് പണം തരില്ല. ആ പണം സംസ്ഥാന ഗവണ്മെന്റ് കണ്ടെത്തണം. സാമ്പത്തിക പരാധീനത കൊണ്ടാണ് ആ പ്രോജക്ട് ഒരു ഗവണ്മെന്റും ടേക്ക് അപ് ചെയ്യാതിരുന്നത്. ഇപ്പോൾ അത് ടേക്ക് അപ് ചെയ്യണമെന്നാണ് ഞങ്ങൾ ആഗ്രഹിക്കുന്നത്. ഏതെങ്കിലും മാർഗ്ഗത്തിൽ പണം കണ്ടെത്തണം. അത് വന്നാൽ കുറെ പ്രശ്നങ്ങൾ പരിഹരിക്കാൻ സാധിക്കും. പിന്നെ മേക്കര ഡാമിന്റെ കാര്യം പറഞ്ഞു. മേക്കര ഡാമിന്റെ കാര്യത്തിൽ വെള്ളം ചോർത്തുന്നുണ്ടോ എന്ന് നോക്കാനാണ് നിയമസഭയുടെ III-ാം നമ്പർ സബ്ജക്ട് കമ്മിറ്റി അവിടം സന്ദർശിച്ചത്. കമ്മിറ്റി അവിടെ പോകുന്നതിനും പരിശോധന നടത്തുന്നതിനും ഒരു തടസ്സവുമുണ്ടായില്ല. സബ്ജക്ട് കമ്മിറ്റി-III വിശദമായിട്ട് ചർച്ച നടത്തി, സബ്കമ്മിറ്റിയുടെ റിപ്പോർട്ട് കിട്ടിക്കഴിഞ്ഞാൽ അനന്തര നടപടികൾ സ്വീകരിക്കാൻ തയ്യാറാണ്. ഗവണ്മെന്റിനെ സംബന്ധിച്ചിടത്തോളം നമ്മുടെ ജലസമ്പത്ത് കാത്തുസൂക്ഷിക്കുന്ന കാര്യത്തിൽ ടോപ് പ്രയോറിറ്റി കൊടുത്തിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിലുള്ള നടപടിയുമായിട്ട് മുന്നോട്ടുപോകുന്നു. ഗവണ്മെന്റ് യാതൊരു അനാസ്ഥയും കാണിച്ചിട്ടില്ല എന്നുമാത്രമല്ല, ഏറ്റവും ശുഷ്കാന്തിയോടുകൂടി ഫലപ്രദമായി ജലസമ്പത്ത് കാത്തുസൂക്ഷിക്കാനുള്ള നടപടി സ്വീകരിക്കുന്നുണ്ട്.

<u>ശ്രീ. വി. കെ. ചന്ദ്രൻ:</u> ബഹുമാന്യനായ മന്ത്രി ഇവിടെ സൂചിപ്പിക്കുകയുണ്ടായി. കേരള സംസ്ഥാനത്തിനു തരേണ്ട വെള്ളം ലഭ്യമാക്കാത്തതുകൊണ്ടാണ് ഇപ്പോൾ ചിറ്റൂർ പ്രദേശത്ത് ശക്തമായ സമരം നടക്കുന്നത് എന്ന്. ആനയാറിൽ നിന്നും നീരാറിൽനിന്നും വെള്ളം കൊടുക്കുന്ന കരാറിനെ സംബന്ധിച്ചും പറഞ്ഞു. ഇതേ

രൂപത്തിലുള്ള കരാർ തന്നെയാണ് അവരുമായി നമ്മൾ ഉണ്ടാക്കിയ കരാർ. അവിടെനിന്നും നമുക്ക് 3.3 ടി. എം. സി. വെള്ളം തരാമെന്നു പറഞ്ഞു. പിന്നീട് ഉണ്ടാക്കിയ ചർച്ചയിൽ 1.5 ടി. എം. സി. വെള്ളം 2-ാം വിളയ്ക്ക് തരാമെന്നുപറഞ്ഞു. ഇപ്പോൾ അതും തരുന്നില്ല. ബഹുമാന്യനായ മന്ത്രിയുൾപ്പെടെയുള്ളവർ പങ്കെടുത്ത ചർച്ചയിലാണല്ലോ 1.5 ടി. എം. സി. വെള്ളം തരാമെന്ന് പറഞ്ഞത്. ഇപ്പോൾ നമുക്ക് തന്നത് 0.8 ടി. എം. സി. വെള്ളമാണ്. പിന്നീട് നിർത്തി. ഇപ്പോൾ 19 ദിവസംകൂടി വെള്ളം കിട്ടിക്കഴിഞ്ഞാൽ ആ പ്രദേശത്തെ കൃഷി രക്ഷപ്പെടും. അത് കിട്ടാത്തതുകൊണ്ടാണ് ഇപ്പോൾ അവിടെ സംഘർഷം എന്നാണ് അവിടത്തെയാളുകൾ പറയുന്നത്. കേരള-തമിഴ്നാട് ജലസേചന വകുപ്പുമന്ത്രിമാർ തമ്മിലുള്ള ചർച്ചയാണ്. ഇത് ഗൗരവത്തിലേക്ക് എത്തിക്കാനും മുഖ്യമന്ത്രിതലത്തിൽ ഒരു ചർച്ച സംഘടിപ്പിക്കാനും തമിഴ്നാട് ഇങ്ങോട്ട് വെള്ളം തരുന്നില്ലായെങ്കിൽ കേരളം തിരിച്ച് വെള്ളം കൊടുക്കുന്ന കാര്യത്തിൽ ഒരു പുനരാലോചന നടത്താനും നടപടി സ്വീകരിക്കുമോ?

ശ്രീ. ടി. എം. ജേക്കബ്: ബഹുമാനപ്പെട്ട ചന്ദ്രൻ ഇന്നലെ നിയമസഭയിൽ ഉണ്ടായിരുന്നോ എന്ന് എനിക്ക് ഓർമ്മയില്ല. ഇന്നലെ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഇവിടെ ഉന്നയിച്ച സബ്മിഷന് വളരെ വിശദമായി ഈ വിഷയം ഞാൻ പറഞ്ഞതാണ്. നമുക്ക് 7.25 ടി. എം. സി. വെള്ളം ചിറ്റൂർപുഴ ഭാഗത്തേക്ക് ലഭിക്കേണ്ടതാണ്. അത് ഒരു ജലവർഷത്തിലാണ് കിട്ടേണ്ടത്. ജൂലൈ 1-ാം തീയതി ആരംഭിച്ച് അടുത്തവർഷം ജൂൺ 30-ാം തീയതി അവസാനിക്കുന്നതാണ് ജലവർഷം. ആ ജലവർഷത്തിൽ നമുക്ക് ഇതുവരെ കിട്ടേണ്ടത് more than 5 T.M.C. ജലമാണ്. നമ്മൾ ഉദ്ദേശിച്ച തോതിൽ കിട്ടിയിട്ടില്ല. ആറ് ടി. എം. സി. ജലം എങ്കിലും കിട്ടണമെന്ന് ആവശ്യപ്പെട്ടു. പക്ഷേ ഇപ്പോൾ കിട്ടിക്കൊണ്ടിരിക്കുന്ന വെള്ളത്തിന്റെ തോതുവച്ച് കർഷകരെ സംരക്ഷിക്കുവാൻ ബുദ്ധിമുട്ടുണ്ട്. കേരള മുഖ്യമന്ത്രി രണ്ട് പ്രാവശ്യം തമിഴ്നാട് മുഖ്യമന്ത്രിക്ക് ഫാക്സ് സന്ദേശം അയച്ചു; ഡി. ഒ. ലെറ്റർ അയച്ചു. ഞാൻ നിരന്തരമായി തമിഴ്നാട് മന്ത്രി ശ്രീ. പനീർശെൽവവുമായി ടെലഫോണിൽ ബന്ധപ്പെട്ടു. ഇന്ന് രാവിലേയും അദ്ദേഹവുമായിട്ട് സംസാരിച്ചു. ഇന്ന് ഏകദേശം 1.85 cusecs വെള്ളം കിട്ടുന്നുണ്ട്. ഇന്നലെ 165.45 cusecs അല്ലെങ്കിൽ 165.65-ന് മുകളിൽ കിട്ടിയിട്ടുണ്ട്. ദിവസവും രാവിലേയും വൈകുന്നേരവും എത്ര വെള്ളം കിട്ടുന്നു എന്ന് മോണിറ്റർ ചെയ്യുന്നുണ്ട്.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: പനിനീർസെൽവം നല്ല പേര്. അദ്ദേഹം പറയുന്നതാണോ വിശ്വസിക്കേണ്ടത്? കൃഷിക്കാർക്ക് വെള്ളം കിട്ടുന്നില്ല.

ശ്രീ. ടി. എം. ജേക്കബ്: പനിനീർ സെൽവം എന്നല്ല പേര്. പനീർശെൽവം എന്നാണ് പേര്. അളന്നു കിട്ടിയ കണക്കാണ് ഞാൻ ഇവിടെ പറഞ്ഞത്.

ശ്രീ. എ. കെ. ബാലൻ: വെള്ളം കിട്ടുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എം. ജേക്കബ്: ശ്രീ. ബാലൻ പറയുന്നത് എനിക്ക് വിശ്വസിക്കുവാൻ കഴിയുമോ? അത് എനിക്ക് വിശ്വസിക്കുവാൻ പറ്റില്ല. രാവിലെ എനിക്ക് ഉദ്യോഗസ്ഥന്മാർ തന്ന വിവരമേ നിയമസഭയിൽ പറയുവാൻ പറ്റൂ. അല്ലാതെ ഞാൻ എങ്ങനെയാണ് പറയുക?

.....(ബഹളം).....

മി. ഡെപ്യൂട്ടി സ്പീക്കർ: മിനിസ്റ്റർ പറയട്ടേ,

ശ്രീ. ടി. എം. ജേക്കബ്: ചിറ്റൂരിലെ കൃഷിക്കാർ രണ്ടാംവിള ഇറക്കിയാൽ അവരുടെ കൃഷിക്ക് വെള്ളം കൊടുക്കാമെന്ന് തമിഴ്നാട് ഗവൺമെന്റ് നൽകിയ ഉറപ്പിന്റെ അടിസ്ഥാനത്തിലാണ് ഞാൻ പറഞ്ഞത്. അവർക്ക് വെള്ളം നിർബന്ധമായും കൊടുക്കേണ്ടതുണ്ട്. കഴിഞ്ഞ മാസം 30-ാം തീയതി മുതൽ ഫെബ്രുവരി മാസം 15-ാം തീയതിവരെയുള്ള സമയപരിധിക്കുള്ളിൽ 200 million cubic feet വെള്ളം നമുക്ക് തന്നുകൊള്ളാമെന്ന് അവർ കത്തെഴുതി അയച്ചിട്ടുണ്ട്. ഇപ്പോൾ കിട്ടുന്ന തോത് വച്ച് നോക്കിയാൽ 15-ാം തീയതിക്കുള്ളിൽ ഇത്രയും കാണ്ടിറ്റി വെള്ളം നമുക്ക് കിട്ടും.

ശ്രീ. എ. കെ. ബാലൻ: ഇല്ല.

ശ്രീ. ടി. എം. ജേക്കബ്: ശ്രീ. ബാലൻ അങ്ങനെ പറഞ്ഞാൽ എങ്ങനെയാണ്? ഇവിടെ തർക്കിക്കേണ്ട കാര്യമില്ല. ശ്രീ. ബാലൻ അവിടെപോയി പ്രശ്നമുണ്ടാക്കി എന്നാണ് എനിക്ക് കിട്ടിയ റിപ്പോർട്ട്.

.....(ബഹളം).....

മി. ഡെപ്യൂട്ടി സ്പീക്കർ: അദ്ദേഹം സംസാരിക്കട്ടെ. അദ്ദേഹം പറഞ്ഞ് കഴിഞ്ഞിട്ട് .....Yes..... please.....Mr. Balan.....please resume your seat.....

ശ്രീ. ടി. എം. ജേക്കബ്: ശ്രീ. ബാലൻ അവിടെ പോയിട്ട് അദ്ദേഹം തന്നെ മുഖ്യമന്ത്രിയെ വിളിച്ച് കാര്യങ്ങൾ പറഞ്ഞു. തമിഴ്നാട് മുഖ്യമന്ത്രി അനുകൂലമായി സംസാരിച്ചുവെന്നാണ് മുഖ്യമന്ത്രി എന്നെ വിളിച്ചു പറഞ്ഞത് ആ വിവരം സമരക്കാരോട് പറയുവാനായിട്ട് പറഞ്ഞു. ജില്ലാ കളക്ടർ ഇന്നലെ സമരക്കാരെ വിളിച്ച് സംസാരിച്ചു, അങ്ങനെ സംസാരിച്ചതിന്റെ അടിസ്ഥാനത്തിൽ ഇന്നലെ ഐരാവോ ഉൾപ്പെടെയുള്ള സമരപരിപാടികൾ നിർത്തിവച്ചു. അതൊക്കെ ഇന്നലെ ചെയ്ത കാര്യങ്ങളാണ്. ഗവൺമെന്റ് ഈ കാര്യത്തിൽ വളരെ താൽപ്പര്യം കാണിക്കുന്നുണ്ട്. ഇനിയും വേണമെങ്കിൽ കുറച്ചുകൂടി കൂടുതൽ വെള്ളം കിട്ടാൻ കഴിയുമോയെന്ന് പരിശോധിക്കാം. ആളിയാർ ഡാമിൽനിന്നാണ് വെള്ളം കിട്ടേണ്ടത്. വെള്ളം ഇല്ലെങ്കിൽ എനിക്ക് എന്തുചെയ്യാൻ കഴിയും? അവരോട് പറയാം. അവിടെപ്പോയി തുറന്നുവിടാനുള്ള അധികാരം നമുക്കുണ്ടോ? അതിനുവേണ്ടി അവരെ pressurise ചെയ്യുക. അവരിൽനിന്നും കിട്ടാനുള്ളത് നേടിയെടുക്കുവാനുള്ള മാർഗ്ഗങ്ങൾ ഗവൺമെൻറ് ആരായുക എന്നതാണ്. അത് ഫലപ്രദമായിട്ടുതന്നെ ചെയ്യുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: തമിഴ്നാട് മുഖ്യമന്ത്രിയുമായി ചർച്ചചെയ്യുവാൻ ധനകാര്യമന്ത്രിയേയും ജലസേചന മന്ത്രിയേയും ഉടൻതന്നെ ചെന്നൈയിലേക്ക് അയയ്ക്കാമെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ സഭയ്ക്ക് നൽകിയ ഉറപ്പ്. സമരംകൂടി കൺസിഡർ ചെയ്യാമെന്നു പറഞ്ഞതിന്റെ അടിസ്ഥാനത്തിലാണ് സമരം പിൻവലിച്ചത്. അല്ലാതെ വെള്ളം കിട്ടിയതുകൊണ്ടല്ല. അതുകൂടി മനസ്സിലാക്കണം.

ശ്രീ. ടി. എം. ജേക്കബ്: ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവേ വെള്ളം കിട്ടുന്നുണ്ട്. കിട്ടുന്നില്ല എന്ന് പറയുന്നത് ശരിയല്ല.

.....(ബഹളം).....

മി. ഡെപ്യൂട്ടി സ്പീക്കർ: പ്രതിപക്ഷ നേതാവ് സംസാരിക്കട്ടെ.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: സത്യം പറയുന്ന കളക്ടറാണ്. അദ്ദേഹത്തോട് ചോദിക്കൂ.

ശ്രീ. ടി. എം. ജേക്കബ്: ഞാൻ ഇന്നലെ ജില്ലാ കളക്ടറുമായി സംസാരിച്ചു. ഞാൻ കളക്ടറോട് പറഞ്ഞിരിക്കുന്നത്, ഇറിഗേഷൻ ഡിപ്പാർട്ട്മെന്റിലെ എഞ്ചിനീയർ പറയുന്ന കാണ്ടിറ്റി വെള്ളം കിട്ടുന്നുണ്ടോയെന്ന് പരിശോധിക്കണമെന്നും tail end വരെ വെള്ളം കിട്ടുന്നുണ്ടോയെന്നുള്ള കാര്യം ഫീൾഡിൽപ്പോയി പരിശോധിക്കണമെന്നും ആണ്. അദ്ദേഹം ഇന്ന് രാവിലെ അവിടെ പോകുന്നുണ്ട്. തമിഴ്നാട്ടിലേക്ക് എന്നെയും ധനകാര്യമന്ത്രിയേയുംകൂടി അയയ്ക്കുമെന്ന് മുഖ്യമന്ത്രി ഈ സഭയിൽ പറഞ്ഞു. അതിന്റെ അടിസ്ഥാനത്തിൽ അവിടെ പോയാൽ കുമാരി ജയലളിതയെക്കൂടി കാണണം. എങ്കിലേ കൂടുതൽ വെള്ളം കിട്ടാൻ മാർഗ്ഗമുണ്ടോയെന്ന് പറയുവാൻ കഴിയൂ. എപ്പോഴാണ് അവരുടെ convenient time എന്ന് ചോദിച്ചുകൊണ്ടിരിക്കുകയാണ്. ഇന്നലെ ഉച്ച മുതൽ അതിനുള്ള ശ്രമം നടത്തിക്കൊണ്ടിരിക്കുകയാണ്. അവരെ കാണുന്നതിന് സമയം കിട്ടിയാൽ ഉടൻതന്നെ ഞങ്ങൾ പോകും.

(2) ആറന്മുള ഉത്രട്ടാതി ജലോത്സവം മുടങ്ങിയ സാഹചര്യം

ശ്രീമതി മാലേത്ത് സരളാദേവി: സർ, ചരിത്രപ്രസിദ്ധമായ ആറന്മുള വള്ളംകളിയുമായി ബന്ധപ്പെട്ട പ്രധാനപ്പെട്ട പ്രശ്നം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്താനാണ് ഞാൻ ഉദ്ദേശിക്കുന്നത്. പമ്പാനദിയിൽ വെള്ളം കുറവായതുകാരണം കഴിഞ്ഞ വർഷം ഉത്രട്ടാതി ജലമേളയിലെ മത്സര വള്ളംകളി നടന്നില്ല. ചെറുതും വലുതുമായ നിരവധി ജലമേളകൾ നമ്മുടെ നദികളിൽ നടക്കുന്നുണ്ട്. എങ്കിലും ആറന്മുള വള്ളംകളി ഏറ്റവും പ്രസിദ്ധവും വ്യത്യസ്തവുമായി നിലകൊള്ളുന്നു. 350 വർഷത്തെ പഴക്കമുണ്ടെന്ന് വിശ്വസിക്കുന്ന ഒന്നാണ് ആറന്മുള വള്ളംകളി. നിലയ്ക്കൽനിന്ന് ആറന്മുളയിൽകെട്ടിയ ചങ്ങാടത്തിൽ സാക്ഷാൽ ഭഗവാൻ വന്നതിന്റെ ഓർമ്മയ്ക്കായി